# ഹൃദയാഞ്ജലി



ഗ്രന്ഥകർത്താ,

പേരൂർക്കട, ആർ. മാധവൻപിള്ള

3602

INDIRA BOOK DEPOT
TRIVANDRUM

PERURKADA, R. MADHAVAN PILLAI
TRIVANDRUM

E 539

# ഹൃദയാഞ്ജലി

ഗ്രന്ഥകർത്താ,

പേരൂർക്കട, ആർ. മാധവൻപിള്ള.

പ്രകാശകന്മാർ,

ഇന്ദിരാ ബുക്കുഡിപ്പോ,

കുമാരപുരം, തിരുവനന്തപുരം.

1-ാം പതിപ്പ് കാപ്പി 1000.

ചന്ദ്രാപ്രസ്സ്, ചാല, തിരുവനന്തപുരം.

പകർപ്പവകാശം ഗ്രന്ഥകർത്താവിന്.

1127/1952 വില അണ. 6.

# വിഷയവിവരം

—:0:—

1. മായാമാധവം

2. ആദിത്യഹൃദയം

3. മാതൃവന്ദനം

4. ശബരിഗിരിനാഥം

5. ചിന്താശകലം

6. വിളംബരം

7. ഒരു മംഗളാശംസ

8. ആത്മഗതം

# പ്രസ്താവന

1940—ൽ കവനമഞ്ജരി എന്ന ഖണ്ഡകാവ്യം പ്രസിദ്ധം ചെയ്തതിനുശേഷം നിശ്ശേഷം സാഹിത്യപരിശ്രമങ്ങളിൽ നിന്നും പിന്മാറിയാണു ഞാൻ കഴിയുന്നതു്. അക്കാലത്തു രചിച്ചിട്ടുള്ള പദ്യശകലങ്ങൾ പലതും പ്രസിദ്ധം ചെയ്യാതെ കിടക്കുകയാണു്. ഇപ്പോൾ 'കുമാരപുരം' "ഇന്ദിരാ ബുക്കുഡിപ്പോ" ഉടമസ്ഥർ, അവർക്കു പ്രസിദ്ധീകരണാർത്ഥം ഏതെങ്കിലും പുസ്തകങ്ങളുടെ പകർപ്പവകാശം നൽകണമെന്നു എന്നോടു അപേക്ഷിക്കയും, അതിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു്, ഹൃദയാഞ്ജലി, കവനമഞ്ജരി ഗാനോത്സവം, എന്നീ മൂന്നു പുസ്തകങ്ങളുടെ, 1000 കാപ്പി വീതം പ്രസിദ്ധം ചെയ്തുകൊള്ളുവാനുള്ള അവകാശം അവർക്കു യാതൊരു പ്രതിഫലവും വാങ്ങാതെ ഞാൻ നൽകുകയും ചെയ്തു. അതനുസരിച്ചു അവർ ഇതു പ്രസിദ്ധം ചെയ്യുന്നതാകുന്നു. നിശ്ശേഷം ഭക്തിരസ സംപൂർണ്ണമായ ഏതാനും കവിതകൾ മാത്രമാണു് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. ഇതിനെയും സഹൃദയന്മാർ വാത്സല്യപൂർവ്വം സ്വാഗതം ചെയ്യുമെന്നുള്ള ശുഭാപ്തിവിശ്വാസത്തോടെ കൈരളിയുടെ കാൽത്താരടികളിൽ കാഴ്ചവച്ചു കൊള്ളുന്നു.

ഗ്രന്ഥകർത്താ.

ഗ്രന്ഥകർത്താവിനെപ്പററിയുള്ള അഭിപ്രായത്തിലെ

## ചില ഭാഗങ്ങൾ

പ്രിയപ്പെട്ടമാധവൻപിള്ളേ!

.........നിങ്ങൾ അയച്ചുതന്ന കവനമഞ്ജരി എന്ന ഗ്രന്ഥം വായിച്ചു. തരക്കേടില്ല....സ്ഥിരമായി പരിശ്രമിക്കണം. മഹാകവി, റാവുസാഹിബ്ബ്,

ഉള്ളൂർ എസ്. പരമേശ്വരഅയ്യർ.

.........ആ കവി ഹൃദയത്തിൽ രാജഭക്തിയും രാജ്യഭക്തിയും ദൈവഭക്തിയും നിറഞ്ഞിട്ടുണ്ടെന്നു കവനങ്ങളെ വായിച്ചിട്ടുള്ള ഏവക്കും ഗ്രഹിക്കുമാറാകും.

കേരളഅരവിന്ദഘോഷ് K. നാരായണക്കുരുക്കൾ B.A.

.........വാസനാകവിയുടെതൂലികത്തുമ്പിൽനിന്നല്ലാതെ ഇത്ര ഹൃദയംഗമമായ ഒരു പ്രയോഗം സാദ്ധ്യമാണോ?

എം. ജി. കേശവപിള്ള. ബി. എ. ബി. എൽ.

.........സാഹിത്യോദ്യാനത്തെ മോടിപിടിപ്പിക്കുവാൻ എത്രമാത്രം ശക്തനാണെന്നുള്ളത് ഈ പുസ്തകം തെളിയിച്ചുതരുന്നുണ്ട്.

പണ്ഡിതർ. ഈ. വി. രാമൻനമ്പൂതിരി.

.........മഞ്ജരിയിലെ പദാവലി സുകുമാരതരമായിക്കാണുന്നതു സവിശേഷം അഭിനന്ദനീയമായിരിക്കുന്നു.

കണ്ണനുമ്പുഴ. കെ. എസ്. കൃഷ്ണവാരിയർ.

.........ശ്രീമാൻ മാധവൻപിള്ള അവർകൾ കവനകലയിലെ മനോഹരദേശങ്ങളിലേക്കു പ്രവേശിക്കുന്നതായികാണുന്നു. ഭക്തിയിലും മുക്തിയിലും മുഴുകുവാനും മുഴുകിപ്പിക്കുവാനും, കഴിവുള്ള ഒരു ഹൃദയശക്തി അദ്ദേഹത്തിനുണ്ടെന്നു സേവിക്ക ചിന്മയവും, അപേക്ഷയും തെളിയിക്കുന്നുണ്ട്.

പണ്ഡിതമഹോപാദ്ധ്യായ. കെ. ബാലരാമപ്പണിക്കർ.

3602
E. 539
S. K. V
Malayinkeel

# മായാമാധവം

—:0:—

നന്ദഗോപനെശോദയിൽ വസുദേവദേവകിമാർകളിൽ
ഒന്നുപോലെയെഴുന്ന വാത്സല്യപ്പാലഭിഷേക ബിംബമേ
ഭാമരുഗ്മിണിമാരിലും പതിനാറായിരത്തിയെട്ടിലും
ശ്രീമതിരാധയെന്നുമാദപ്രേമ പ്രാഭവം ചാൎത്തുംബിംബമേ
പൂതനാമുതലേ ജരാസന്ധ കംസകൗരവകാളിയ
ക്രൂരരാക്ഷസലക്ഷലക്ഷത്തിനാകെനാശകബിംബമേ,
ഭക്തനായകുചേലൻ സൈരന്ധ്രികുബ്ജയക്രൂരനുദ്ധവർ
നാരദാദിമുനീന്ദ്രപാണ്ഡവരാകെ വന്ദിതബിംബമേ
മാധവാ!! മധുസൂദനാ! ഹൃഷീകേശ! കേശവ! ഗോവിന്ദാ
സൎവ്വദാ! സകലംഭരിച്ചു ഹരിച്ചു സൃഷ്ടിക്കും നായകാ!!
ദാസനാമിവനേകണം സൎവ്വഭാഗ്യവുംവിഭോ മുക്തിയും
മുക്തിദായക! നീയൊഴിഞ്ഞന്യ മൂൎത്തിയില്ലന്യ ദൈവവും.

---

# ആദിത്യഹൃദയം

ആദിത്യനനന്തൻ നിത്യൻ
ആദ്യന്താദി വിഹീനനൻ
ജ്യോതിരാനന്ദ സർവ്വാത്മ-
ദായകൻ ദയതൻ നിധി.

സർവ്വ സംഹാര സംയോഗ-
ശക്തിബീജധരൻ പരൻ
സൃഷ്ടിസ്ഥിതി വിനാശത്തിൻ
മൂർത്തി, വിദ്യാവിനോദവാൻ. 2

വീര്യ ശൗര്യ വിവേകാദി
വികാരസ്സകലങ്ങളും.
സരസ്സും നഭസ്സും സർവ്വ-
തപസ്സും വപുസ്സും ഭവാൻ 3

നമസ്തേ! ദേവ ദേവേശ!
സമസ്തേന്ദ്രിയ പൂജിത!
പൂർവ്വ പുണ്യാത്മ പൂർണ്ണത്വം
താവകം ദർശനം ഹരേ! 4

# മാതൃവന്ദനം

അമ്മേ! ഭവതിതൻ പാദം—ഇതാ—
ചെമ്മേ വണങ്ങുന്നീ ബാലൻ.
ജന്മജന്മാന്തരപാപം—നീങ്ങി—
നന്മവിളങ്ങുവാനെങ്ങും.

ലൌകികബന്ധമിതെന്നു—പൂർവ്വ—
ലോകഗുരുക്കളുരുളീ
എങ്കിലോ അമ്മേ!യെനിക്കോ—ആത്മ—
സങ്കല്പദേവത നീ താൻ.

ഭക്തിയെപ്പററിസ്സൂരിപ്പാ—നെന്നിൽ—
ശക്തീയില്ലമ്മേ മറന്നാൽ
കൺതുറന്നാദ്യമേ കണ്ട—നിത്യ—
കാരുണ്യമൂർത്തിനീ! മാതേ!

പ്രേമപ്പരാഗപ്പൊൻ ചെപ്പിൽ—നറും—
വാത്സല്യപ്പാലു പകർന്നും
ഓമൽപ്രതീക്ഷകൾ തുന്നി—ചേർത്ത—
കോൾമയിർപ്പട്ടിൽ പൊതിഞ്ഞും.

ഉള്ളഴിഞ്ഞങ്ങൊഴുകീടും—പര—
മാനന്ദത്തേൻപുഴ തന്നിൽ.

നിത്യം നീരാടിച്ചുണാച്ചും—ശുദ്ധ
ഗീതങ്ങളാലാപമാർന്നും

പാതിരാപോലും പകലായ്—കണ്ടു—
പാലിച്ചോരമ്മേ! തൊഴുന്നേൻ.
ഈ ജന്മ മമ്മയും ഞാനും—തമ്മിൽ—
ഈ ജഡാചാരം വഹിപ്പൂ.

പിന്നുള്ള കാര്യങ്ങളേതും—നമ്മ—
ക്കൊന്നുംതിരിയാത്തതല്ലീ?
അമ്മേ ഭവതിതൻ പാദം—ഇതാ
ചെമ്മേവണങ്ങുന്നീ ബാലൻ.

---

# ശബരിഗിരി നാഥാ

അന്നദാന പ്രഭുവാം വിഭുവേയീ-
മന്നിടത്തിൻ മണിവിളക്കേ! നാഥാ!
പൊന്നലർക്കാവിൽ മിന്നിടുമങ്ങന്നി-
ന്നുന്നതാദർശമാക്കളെക്കാം വിഭോ!

ഉണ്ണിയായ്ച്ചമഞ്ഞുള്ള രോദനം
കണ്ണനാളത്തിലെന്നും മുഴങ്ങുന്നു.
കണ്ണന്റെ കളിക്കോളുകൾ തന്നല്ലീ
ഉണ്ണിയായിച്ചമഞ്ഞന്നു കാട്ടീകാട്ടിൽ

പന്തളക്ഷിതി ദേവനിൽ കൈവല്യം
ചിന്തിയ സച്ചിദാനന്ദ വിഗ്രഹാ!
ഇക്കലികാല വേഴ്ചയിലാലംബം
ഉൾക്കനിവൊടു ഭക്തക്കളിടും,

ഭക്തദാസാ! പരംപൊരുളേ! ജവം
മുക്തിയേകിത്തുണക്കണമെന്നെയും
കാട്ടണം ദയാവാരിധേ! സംസാര-
ക്കാട്ടിലെ നല്ല നേർവ്വഴിയെപ്പോഴും

രോഗരാഗപരാധീനനാകാതെ
രാപകലടിയാനെ രക്ഷിക്കേണം!
വന്യജന്തുക്കൾപോലും തവാന്തികം
ധന്യജീവികളായിഭവിക്കുന്നു.

മാനുഷനാമമാത്രമൃഗമെന്നെ
മാനുഷനാക്കിത്തീൎക്കണമേ വിഭോ!
ചെയ്തുപോയിട്ടുണ്ടേറെയനീതിഞാൻ
കൈതവാകൊണ്ടേ 'കൈകഴുകീട്ടുള്ളു'
സ്വന്തസൗഖ്യത്തിനായിട്ടപരനിൽ-
ആൎത്തിചാൎത്തിയതെത്രയോവോൾപ്പുഞാൻ
എന്നുവേണ്ടാ പറഞ്ഞൊടുക്കീടുവാൻ
തോന്നുകപോലുമില്ലാത്ത മട്ടിലായ്
ചെയ്തുപോയി, പറഞ്ഞുപോയ്, ചിന്തിച്ചു
പോയിട്ടുണ്ടവയെല്ലാം പൊറുക്കണം
ഇല്ലമററില്ലൊരാശ്രയം തെററുക-
ളേററുചൊല്ലിപിഴ പൊറുപ്പിക്കുവാൻ.
കാൽക്കൽ വീഴുമീയേഴയെക്കാക്കണം
കാരുണ്യത്തിൻെറ താരുണ്യബിംബമേ!

# ചിന്താശകലം

നശ്വരം തന്നെ സൎവ്വമിതിങ്കലോ
ശാശ്വതസുഖമൊന്നുമില്ലെങ്ങുമേ.
നിശ്ചയിപ്പാനു മാക്കു മസാദ്ധ്യമായ്
നിൽപ്പുസൎവ്വത്രസൎവ്വമപൂൎണ്ണമായ്
സൌഖ്യമാത്രത്തെ വാഞ്ഛിച്ചനുവേലം
സാഹസമെത്രഘോരമായ്ചെയ്കിലും
പൂൎത്തിയായ സുഖത്തിൻ കണികയെ
കാണുവാൻ പോലുമാക്കും കഴിവില്ലാ.
സൌമ്യമില്ലാത്ത ശക്തിയൊന്നീലോകേ
സൗമ്യമായ് നിന്നു വൎത്തിപ്പൂ സൎവ്വാംശം
സാധുചിത്തക്കൊഴിഞ്ഞതിൻ സാധകം
സാധിപ്പാൻ പണിസംസാരവ്യാധിയാൽ
ആചാൎയ്യന്മാരു മേറെ നശിച്ചുപോയ്
ആചരിച്ചവഴിമാത്രം ശേഷിപ്പൂ
പാരമെത്രപരമഹംസന്മാരോ
ഘോരഘോരം തിരഞ്ഞു നശിച്ചുപോയ്.
സാധുക്കൾ തപം ചെയ്യതുണ്ടെത്രയോ
സാധിയാതെ മുഷിയുന്നതെത്രയോ

[library stamp]

കണ്ടുപോരയെന്നു ചൊല്ലിയദിവ്യതം
കണ്ടിരിക്കേനെശിക്കന്നറിയാതെം
ശാസ്ത്രമെല്ലാം പഠിച്ചു പരീക്ഷിച്ചു
ഗാത്രമങ്ങിനെ ശോഷിച്ചോടങ്ങുനും

ദൈവത്തെക്കണ്ടു നിത്യരായ ചിലർ
ജീവൻപോയതറിയാതെ ചത്തുപോയ്,
നശ്വരം തന്നെ സർവ്വമതിങ്കലേ
ശാശ്വതസുഖമൊന്നുമില്ലെങ്ങുമേ

നിശ്ചയിപ്പാനുമാക്കമസാദ്ധ്യമായ്
നിൽപ്പൂ സർവ്വത്ര സർവ്വവും പൂർണ്ണമായ്.

# വിളംബരം

---

ആശ്വസിക്കട്ടെ! യാകമാന മതഭേദമൈക്യവിചാരയസ്സിൽ
വിശ്വവ്യാപ്തിഭവിച്ചിടട്ടെ! വിശേഷശക്തിയൊടെ
നമോ!

അശ്വമേധമഹാമഹത്തിനുമപ്പുറം കഴിച്ചോരമീ-
വിശ്വവിശ്രുതമാം വിളംബരമാർന്നിടട്ടെ! ജയം പരം.

ഈ വിളംബരമങ്ങിനെ ജഗദംബരത്തിനു സോമനായ
ഭാവിയിൽപല ഭാഗധേയ നിദാനമായ് പുരരമ്യമായും
ഭാവനസ്സമതീതമായ്ഫല മേകിയേകിയനാരതം
ഭാരതത്തെയുയർത്തിടട്ടെ! യുയർന്നൊരാസ്വർഗ്ഗസീമയിൽ
ഭക്തദാസൻശ്രീപത്മനാഭന്റെ ദാസനാം തിരുമേനിശ്രീ
ചിത്രനക്ഷത്രജാതനാണിതു തുല്യം ചാർത്തിയതത്ഭുതം
തൃക്കരത്തിനുദിച്ചൊരാത്മീയദീപ്തിവ്യാപ്തിയിൽദിക്കുകൾ
ഒക്കെയും തുല്യകാന്തിയിൽകുളിച്ചൈക്യസിദ്ധിവരുത്തി
നീണ്ടുനീണ്ടിതിനാഭവിസ്ഥലമെത്തിയിന്ദ്രസദസ്സിലെ-
ക്കൊണ്ടൽവേണികളാരിലും പുളകം പകർത്തിടുമപ്പൊഴേ
കണ്ടുകൂപ്പണമെത്തണം വഞ്ചിഭൂവിലെന്നു നിനച്ചവർ
മണ്ടിടുമ്പൊഴുതിന്ദ്രനും കൂടിപോന്നു വന്നുവസിച്ചിടും.

---

# ഒരു മംഗളാശംസ

ഹൃദയവേദിയിലേതൊരു വിഗ്രഹം
സഹൃദയന്മാരാൽ പൂജിപ്പൂ സാമ്പ്രതം
നിഭൃതമായതിൻ നിത്യത പാശ്ചാത്യ-
പൗരസ്ത്യാഭ്യസ്ത വിദ്യരിലൊക്കെയും
പാലൊളിപ്പുതുലാവൊളി ചാർത്തിക്കൊ-
ണ്ടാലോലം ലോലമാടുന്നനാകുലം
ആയതീന്ദ്രൻ രവീന്ദ്രനാഥ ടാഗോർ
ആര്യഭാരതസംസ്കാരവിഗ്രഹൻ
ആരിലുമാഭിജാത്യത്തിന്നാത്മീയ
ഭാവമേകും വിഭാവകഭാവുകൻ
ഭവ്യതയ്ക്കൊത്ത ഭാരതസംസ്കാര
ദിവ്യതയ്ക്കൊരു നവ്യത ചാർത്തുന്നോൻ
നിത്യബ്രഹ്മത്തിൽ സത്യസ്വരൂപത്തിൽ
ഹൃദ്യഭാവത്തെ പൂർണ്ണത്തിൽ ദർശിപ്പോൻ
നിഷ്കളങ്കത്തിൽ നിർമ്മലഛായയിൽ
നമ്മളെച്ചേർത്തണച്ചു പുൽകുന്നവൻ
പുത്തരിപലതേററം പകന്നംബ-
ക്കൂററമോദത്തോട്ടും പ്രതാപവാൻ.

പൗരുഷം കൊണ്ടു പാരിടം മിന്നിക്കും
ഗൗരവത്തിൻ ഗവേഷണഭൂഷണൻ
ഭാരതത്തിൻെറ പത്താമവതാര
മൂർത്തിമൂന്നുലകത്തിനു മാചാര്യൻ
മേൽക്കുമേൽ വിജയിക്കയെഭിമാന
സ്തംഭമേ! ഭൂമിചാർത്തും തിലകമേ!!
ഹാ വിജയിക്ക വിശ്വവിമോഹനാ!
വിശ്രുതാരാധനീയ മഹാപ്രഭോ
കുമ്പിടുന്നിന്നു നിത്യവും നിൻപാദം
മുപ്പത്തിയേഴുകോടിയുമൊപ്പത്തിൽ
കാണ്മതുണ്ടു ഭവാൻെറ കമനീയ
വിഗ്രഹത്തിൻ പ്രതിച്ഛായയെങ്ങുമേ!
ഏകകണ്ഠമായ് ഞങ്ങളർപ്പിക്കുന്ന
മംഗളാശംസാ പ്രാർത്ഥനാഗീതത്തിൽ
മാനസമലിവാന്ന ചിരന്തനൻ–
മംഗളംഭവാനേകട്ടെയാകല്പം

# ആത്മഗതം

—0—

ഉള്ളുരുക്കും വിഷാദവിഷാഗ്നിയും,
മുള്ളുക്കുടമീജ്ജീവിതപന്ഥാവും
നാശത്തിൽ സ്വയം പായുന്ന ജീവിത—
നൌകയെ വട്ടം ചുററിക്കും കാമവും
വഞ്ചനസ്സു വളം ചേർക്കും മോഹവും,
പിഞ്ചിലേ പഴുത്തീടുന്ന ക്രോധവും
എന്നു വേണ്ടയിതെന്തൊരു ശല്യമൊ?
പിന്തിരിയാനും മുന്നോട്ടു പോകാനും.

## ഗ്രന്ഥകർത്താവിൻെറ മററു കൃതികൾ

---

| | | |
|---|---|---|
| കവനമഞ്ജരി | 12 | ണ. |
| ഗാനോത്സവം | 8 | ണ. |

അപേക്ഷിക്കേണ്ടും വിലാസം:—

ഇന്ദിരാബുക്കുഡിപ്പോ,

കുമാരപുരം, തിരുവനന്തപുരം.

E 5-39